# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1310 03.12.2018 -ൽ മറുപടിക്ക്

### മാതൃഭാഷ പഠിക്കാനുള്ള അവകാശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | പ്രൊഫ.സി.രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | കേരളത്തിന്റെ അതിർത്തി താലൂക്കുകളിൽ മലയാളി കുട്ടികൾക്ക് മാതൃഭാഷ പഠിക്കാനുള്ള അവകാശം നിഷേധിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിലെ കന്നട മീഡിയം സ്കൂളുകളിൽ മലയാളം പഠിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടാ യിരുന്നതെങ്കിലും എസ്.എസ്.എ യുടെ 'മലയാളത്തിളക്കം' പോലുള്ള പദ്ധതികളിലൂടെ ഈ പോരായ്മ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. |
| ബി | കാസർഗോഡ് ജില്ലയിൽ ദ്വിഭാഷ സ്കൂളുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; | ബി | 106 |
| സി | ഈ സ്കൂളുകളിൽ കന്നഡയോടൊപ്പം മലയാളവും പഠിപ്പിക്കാൻ സംവിധാന മില്ലാത്ത എത്ര സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കാമോ; | സി | ഇത്തരത്തിലുള്ള എല്ലാ സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നുണ്ട്. എന്നാൽ മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിലെ 101 സ്കൂളുകൾ കന്നട മീഡിയത്തിൽ മാത്രം അദ്ധ്യയനം നടത്തുന്നവയാണ്. ഈ 101 സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നതിനുള്ള സാഹചര്യം |

| | | | |
|---|---|---|---|
| | | | ഇപ്പോൾ നിലവിലില്ല എങ്കിലും അതത് സ്കൂളുകൾക്ക് മലയാളം പഠിപ്പിക്കുവാൻ വേണ്ട സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി | കാസർഗോഡ് ജില്ലയിൽ ഒന്നാം ക്ലാസ്സിൽ മലയാളം പഠിപ്പിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ പുസ്തകങ്ങൾ എടുക്കാൻ തയ്യാറാകാതെ നിഷേധനിലപാടുകൾ ഏതെങ്കിലും സ്കൂൾ അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ടോ; | ഡി | ഇല്ല |
| ഇ | എങ്കിൽ അത്തരത്തിലുള്ള സ്കൂളുകൾ ഏതാണെന്നും നിഷേധനിലപാടിനെതിരെ സ്വീകരിച്ച നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ? | ഇ | ബാധകല്ല. |

സെക്ഷൻ ഓഫീസർ